# NATIONAL EMPLOYMENT SERVICE (KERALA)

# EMPLOYMENT INFORMATION BULLETIN

***FEBRUARY 2024***

**Published by**

**University Employment Information & Guidance Bureau,**
**Calicut University**
**Ph:0494 2405540**

**Chief**
**Dr.C.C.Harilal**
**professor,Department of Botony**

**Deputy Chief**
**Ammar.T**

| Sl.No | Contents | Page No. |
|---|---|---|
| 1 | NOTIFICATIONS | 3-12 |
| 2 | CAREER ARTICLES | 13-20 |
| 3 | IMPORTANT DAYS IN FEBRUARY | 21-25 |

# അസിസ്റ്റന്റ് ലോകോ പൈലറ്റ് നിയമനം

**ഭാരത സർക്കാർ, റെയിൽവേ മന്ത്രാലയം**

**റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്**

**കേന്ദ്രീകൃത തൊഴിൽ വിജ്ഞാപനം നമ്പർ 01/2024**

## അസി. ലോകോ പൈലറ്റിന്റെ നിയമനം

അസിസ്റ്റന്റ് ലോകോ പൈലറ്റ് തസ്തികയിലേക്ക് യോഗ്യരായ ഉദ്യോഗാർത്ഥികളിൽ നിന്നും താഴെപ്പറയുന്ന പട്ടിക പ്രകാരം അപേക്ഷകൾ ക്ഷണിക്കുന്നു. അപേക്ഷകൾ ഓൺലൈൻ വഴി മാത്രം സമർപ്പിക്കേണ്ടതാണ്.

അപേക്ഷകൾ സ്വീകരിച്ച് തുടങ്ങുന്ന തീയതി : 20 ജനുവരി 2024

അപേക്ഷകൾ സമർപ്പിക്കാനുള്ള അവസാന തീയതി : 19 ഫെബ്രുവരി 2024, 23:59 മണി വരെ

| തസ്തികയുടെ പേര് | 7-ാം സി.പി.സി. പ്രകാരമുള്ള പേ ലെവൽ | പ്രാരംഭ ശമ്പളം (രൂപ) | മെഡിക്കൽ സ്റ്റാന്റേർഡ് | പ്രായം (01.07.2024ന്) | ആകെ ഒഴിവുകൾ (എല്ലാ ആർ. ആർ. ബികളും ഉൾപ്പെടെ) |
|---|---|---|---|---|---|
| അസിസ്റ്റന്റ് ലോകോ പൈലറ്റ് (ALP) | 2 | 19,900/- | A-1 | 18 – 30 വയസ്സ് | 5696 |

കൂടുതൽ വിവരങ്ങൾക്ക് വിശദമായ കേന്ദ്രീകൃത വിജ്ഞാപനം നമ്പർ 01/2024 പരിശോധിക്കുക. ഇത് താഴെ കൊടുത്തിരിക്കുന്ന പട്ടികയിലുള്ള എല്ലാ പങ്കെടുക്കുന്ന റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡുകളുടെയും ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.

**പങ്കെടുക്കുന്ന എല്ലാ ആർ. ആർ. ബികളുടെയും വെബ്സൈറ്റ് വിവരങ്ങൾ**

| | | | |
|---|---|---|---|
| അഹമ്മദാബാദ് www.rrbahmedabad.gov.in | അജ്മീർ www.rrbajmer.gov.in | ബംഗളൂരു www.rrbbnc.gov.in | ഭോപാൽ www.rrbbhopal.gov.in |
| ഭുബനേശ്വർ www.rrbbbs.gov.in | ബിലാസ്പൂർ www.rrbbilaspur.gov.in | ചണ്ഡിഗഡ് www.rrbcdg.gov.in | ചെന്നൈ www.rrbchennai.gov.in |
| ഗുവാഹത്തി www.rrbguwahati.gov.in | ജമ്മു – ശ്രീനഗർ www.rrbjammu.nic.in | കൊൽക്കത്ത www.rrbkolkata.gov.in | മാൽഡ www.rrbmalda.gov.in |
| മുംബൈ www.rrbmumbai.gov.in | മുസാഫർപൂർ www.rrbmuzaffarpur.gov.in | പാറ്റ്ന www.rrbpatna.gov.in | പ്രയാഗ്രാജ് www.rrbald.gov.in |
| റാഞ്ചി www.rrbranchi.gov.in | സെക്കന്തരാബാദ് www.rrbsecunderabad.gov.in | സിലിഗുരി www.rrbsiliguri.gov.in | തിരുവനന്തപുരം www.rrbthiruvananthapuram.gov.in |
| ഗോരഖ്പൂർ www.rrbgkp.gov.in | | | |

ഈ വിജ്ഞാപനം പൂർണ്ണമായും സൂചകമാണ്. ഓൺലൈൻ അപേക്ഷ പൂരിപ്പിക്കുന്നതിന് മുമ്പ് പൂർണ്ണ വിവരങ്ങൾക്ക്, വിശദമായ കേന്ദ്രീകൃത തൊഴിൽ വിജ്ഞാപനം നമ്പർ 01/2024 അപേക്ഷകർ പരിശോധിക്കേണ്ടതാണ്. മേൽപ്പറഞ്ഞ റിക്രൂട്ട്മെന്റുമായി ബന്ധപ്പെട്ട തിരുത്ത്/അനുബന്ധം/പ്രധാന അറിയിപ്പുകൾ തുടങ്ങിയവ റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡുകളുടെ വെബ്സൈറ്റുകളിൽ മാത്രം സമയാസമയങ്ങളിൽ ലഭ്യമാക്കുന്നതാണ്.

നമ്പർ: No. RRB/SC/RT/Advt./CEN 01/2024 (ALP)

തീയതി: 20.01.2024

ചെയർപേഴ്സൺസ്

റെയിൽവേ റിക്രൂട്ട്മെന്റ് ബോർഡ്

**വ്യാജ ജോലി വാഗ്ദാനം ചെയ്യുന്ന ദല്ലാൾ, ബ്രോക്കർ, ജോലി തട്ടിപ്പുകാരെ സൂക്ഷിക്കുക!**

# അലിഗഡ് മലപ്പുറം കേന്ദ്രത്തിലെ Distance കോഴ്സുകളിലേക്ക് അപേക്ഷ ക്ഷണിച്ചു.

**കോഴ്സുകൾ**

1. Senior Secondary School Certificate (Arts/Social Science)

2. Senior Secondary School Certificate (Commerce)

3. Diploma in Journalism and Mass Communication (DJMC)

4. Diploma in Guidance and Counselling (DG&C)

5. Diploma in Human Rights and Duties (DHRD)

6. Diploma in Marketing Management (DMM)

7. Diploma in Personnel Management (DPMM)

8. Diploma in Computer Programming (DCP)

9. Diploma in Travel & Tourism Management (DTTM)

10. Diploma in Communicative Skills in English (DCSE)

11. Diploma in Foreign Languages (DFL)

12. Certificate in Information Technology (CIT)

13. Certificate in Computer Hardware and Network Technology (CCHNT)

14. Certificate in Goods and Service Tax (CGST)

15. Certificate in Communicative Skills in English (CSSE)

ഈ കോഴ്സുകളുടെ റീജിയണൽ കേന്ദ്രം മലപ്പുറം പെരിന്തൽമണ്ണയിലുള്ള അലിഗഡ് ക്യാമ്പസാണ്.അപേക്ഷ സമർപ്പിക്കേണ്ട അവസാന തിയ്യതി - February 28.സ്റ്റഡി സെന്ററും പരീക്ഷ കേന്ദ്രവുമെല്ലാം പെരിന്തൽമണ്ണ ചെറുകരയിലുള്ള കേന്ദ്രം തന്നെയാണ്.അപേക്ഷകൾ സ്വീകരിക്കാനോ പരീക്ഷകൾ നടത്താനോ കേരളത്തിൽ മറ്റൊരു സ്ഥാപനത്തെയും ചുമതല പെടുത്തിയിട്ടില്ല.അലിഗഡ് യൂണിവേഴ്സിറ്റിക്ക് കേരളത്തിൽ വേറെ ഒരു സെന്ററും നിലവിലില്ല.

അപ്ലിക്കേഷൻ ഓഫ്‌ലൈൻ ആയി അപ്ലിക്കേഷൻ ഫോമും ഒരു വർഷത്തെ കോഴ്സ് fees + 300 രൂപ ( അപ്ലിക്കേഷൻ ഫോം ചാർജ്) DD യും ഓഫീസിൽ എത്തിക്കണം.

DD എടുക്കുമ്പോൾ ശ്രദ്ധിക്കേണ്ടത്:
FINANCE OFFICER, AMU ALIGARH എന്ന പേരിൽ (PAYEE'S NAME/FOVOR OF)
അലിഗഢിൽ മാറാവുന്ന (PAYBALE AT: ALIGARH),
SBI BRANCH.
APPLICATION FEE 300 രൂപയും നിങ്ങൾ JOIN ചെയ്യാനുദ്ദേശിക്കുന്ന കോഴ്സിന്റെ തുകയും കൂട്ടിയാണ് DD എടുക്കേണ്ടത്.

വിശദ വിവരങ്ങൾക്ക്
*9778100801* എന്ന നമ്പറിൽ ബന്ധപ്പെടാവുന്നതാണ്.
Website: https://cdoeamu.ac.in/

# എൻ.ഐ.ടി. കാലിക്കറ്റ്: എം.ബി.എ. പ്രവേശനം

എൻ.ഐ.ടി. (നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് ടെക്നോളജി) കാലിക്കറ്റ്, ഡിപ്പാർട്ട്മെൻ്റ് ഓഫ് മാനേജ്മെൻ്റ് സ്റ്റഡീസ് (ഡി.എം.എസ്.) നടത്തുന്ന എം.ബി.എ. പ്രോഗ്രാമിന് അപേക്ഷിക്കാം.ഡ്യുവൽ സ്പെഷ്യലൈസേഷനുകളുള്ള രണ്ട് വർഷത്തെ മുഴുവൻ സമയ പ്രോഗ്രാമിലേക്കാണ് പ്രവേശനം. രണ്ടാം വർഷത്തിൽ വാഗ്ദാനം ചെയ്യുന്ന അഞ്ച് സ്പെഷ്യലൈസേഷനുകളിൽ ഏതെങ്കിലും രണ്ട് മേജർ വിദ്യാർഥികൾക്ക് തിരഞ്ഞെടുക്കാം: (i) ഫിനാൻസ് മാനേജ്മെൻ്റ്, (ii) ഹ്യൂമൻ റിസോഴ്സ് മാനേജ്മെൻ്റ്, (iii) ഓപ്പറേഷൻസ് മാനേജ്മെൻ്റ്, (iv) മാർക്കറ്റിങ് മാനേജ്മെൻ്റ്, (v) ബിസിനസ് അനലിറ്റിക്സ് & സിസ്റ്റം സ് .

**യോഗ്യത:**

അംഗീകൃത സർവകലാശാലയിൽ നിന്നോ സ്ഥാപനത്തിൽ നിന്നോ ഏതെങ്കിലും വിഷയത്തിൽ ബാച്ച്ലർ ബിരുദം. 2023-ൽ ഐ.ഐ.എം. നടത്തുന്ന സാധുവായ കോമൺ അഡ്മിഷൻ ടെസ്റ്റ് (കാറ്റ്) സ്കോർ ഉണ്ടായിരിക്കണം. കാറ്റ് സ്കോറും ഡി.എം.എസ്. നടത്തുന്ന വ്യക്തിഗത അഭിമുഖവും അടിസ്ഥാനമാക്കിയായിരിക്കും തിരഞ്ഞെടുപ്പ്. നിലവിൽ ബിരുദാനന്തര ബിരുദ പ്രോഗ്രാമിന്റെ അവസാന വർഷത്തിൽ പഠിക്കുന്ന വിദ്യാർഥികൾക്കും അപേക്ഷിക്കാം. തൊഴിലുടമകൾ സ്പോൺസർ ചെയ്യുന്ന ഉദ്യോഗാർഥികൾക്കായി ആകെ അഞ്ച് സീറ്റുകൾ സംവരണം ചെയ്തിട്ടുണ്ട്. ഏതെങ്കിലും വിഷയങ്ങളിൽ ബിരുദം നേടിയ ശേഷം സ്പോൺസറിങ് ഓർഗനൈസേഷനിൽ കുറഞ്ഞത് രണ്ട് വർഷത്തെ പ്രവൃത്തി പരിചയം ഉള്ളവർക്ക് അപേക്ഷിക്കാം. കാറ്റ്, സി-മാറ്റ് അല്ലെങ്കിൽ തത്തുല്യമായ ദേശീയതല പ്രവേശന പരീക്ഷകളിൽ സാധുവായ സ്കോർ ഉള്ള അപേക്ഷകർക്ക് മുൻഗണന നൽകും.

വിവരങ്ങൾക്ക്: dss.nitc.ac.in/somsapp/soms/
അവസാന തീയതി മാർച്ച് 31.

വിവരങ്ങൾക്ക്: www.nitc.ac.in | 0495-2286119 | dms_admission@nitc.ac.in

# CUSAT CAT 2024: അപേക്ഷ ഫെബ്രുവരി 26 വരെ

കൊച്ചിൻ ശാസ്ത്ര സാങ്കേതിക സർവകലാശാല (CUSAT) 2024-25 അക്കാദമിക് വർഷത്തേക്കുള്ള വിവിധ ബിരുദ, ബിരുദാനന്തര കോഴ്സുകളിൽ പ്രവേശനത്തിനായി അപേക്ഷ ക്ഷണിച്ചു.

- ബി.ടെക്
- ഇന്റഗ്രേറ്റഡ് എം.എസ്സി. (5 വർഷം)
- ബി.കോം എൽഎൽബി
- ബിബിഎ എൽഎൽബി
- ബി.എസ്സി (CS) എൽഎൽബി,
- 3 വർഷ എൽഎൽബി
- എൽഎൽഎം
- ബി.വോക്
- എം.എസ്സി
- എം എ
- എംസിഎ
- എം.ബി.എ
- ബയോ എത്തിക്സിൽ മാസ്റ്റേഴ്സ്
- എം.എഫ്.എസ്സി
- എം.വോക്
- എം.ടെക്
- പി.എച്ച്.ഡി
- പി.ഡി.എഫ്. തുടങ്ങിയ നിരവധി കോഴ്സുകളിലേക്കാണ് പ്രവേശനം.

എം.ബി.എ. യ്ക്ക് സി-മാറ്റ് (AICTE) / കെ-മാറ്റ് (കേരള) / CAT - IIM സ്കോർ നിർബന്ധമാണ്.

**പ്രധാനപ്പെട്ട തീയതികൾ:**

ഓൺലൈൻ രജിസ്ട്രേഷനും ഫീ പേയ്മെന്റും CAT-(എല്ലാ ബിരുദാനന്തര, ബിരുദ പ്രോഗ്രാമുകൾ): 27/01/2024 മുതൽ 26/02/2024 വരെ

M.Tech പ്രോഗ്രാമുകളിലേക്കുള്ള ഓൺലൈൻ രജിസ്ട്രേഷൻ: 27/01/2024 മുതൽ 31/05/2024 വരെ

പി.എച്ച്.ഡി., പി.ഡി.എഫ്., സർട്ടിഫിക്കറ്റ്/ഡിപ്ലോമ പ്രോഗ്രാമുകൾ മുതലായവയ്ക്കുള്ള അപേക്ഷകളുടെ വിതരണവും സ്വീകരണവും: 27/01/2024 മുതൽ 31/05/2024 വരെ

ഹാൾ ടിക്കറ്റ് ഡൗൺലോഡ്: 01/05/2024 മുതൽ 12/05/2024 വരെ

കമ്പ്യൂട്ടർ അധിഷ്ഠിത പരീക്ഷ 2024 മെയ് 10, 11, 12 തിയതികളിൽ നടക്കും.

കൂടുതൽ വിവരങ്ങൾക്ക്:

https://admissions.cusat.ac.in

## NEET MDS : റജിസ്ട്രേഷൻ 19 വരെ നീട്ടി

ഡെന്റൽ പിജി കോഴ്സ് പ്രവേശനത്തിനുള്ള നീറ്റ് എംഡിഎസ് പരീക്ഷയുടെ റജിസ്ട്രേഷൻ നടപടികൾ ആരംഭിച്ചു. ഫെബ്രുവരി 19 നു രാത്രി 11.55 വരെ അപേക്ഷിക്കാം. 22 മുതൽ 25 വരെ എഡിറ്റ് വിൻഡോ ലഭ്യമാക്കും.മാർച്ച് 18 നാണു പരീക്ഷ.ഏപ്രിൽ 18 ന് അകം ഫലം പ്രസിദ്ധീകരിക്കും. മാർച്ച് 31 ന് അകം ഇന്റേൺഷിപ് പൂർത്തിയാക്കുന്നവർക്കാണു പരീക്ഷയെഴുതാൻ അവസരം.

*വിശദ വിവരങ്ങൾക്ക്:*

https://natboard.edu.in

## ജെ.ഇ.ഇ മെയിൻ 2024 രണ്ടാം സെഷൻ രജിസ്ട്രേഷൻ തുടങ്ങി.

ഐ.ഐ.ടികളും എൻ.ഐ.ടികളും ഉൾപ്പെടെയുള്ള രാജ്യത്തെ പ്രമുഖ എൻജിനീയറിങ് കോളജുകളിലെ പ്രവേശനത്തിനുള്ള ജോയന്റ് എൻട്രൻസ് എക്സാം (ജെ.ഇ.ഇ) മെയിൻ 2024 രണ്ടാം സെഷൻ രജിസ്ട്രേഷൻ ആരംഭിച്ചു.

*വിദ്യാർഥികൾക്ക് https://jeemain.nta.ac.in എന്ന വെബ്സൈറ്റ് വഴി മാർച്ച് രണ്ടിന് രാത്രി ഒമ്പതു വരെ അപേക്ഷിക്കാം.*

ഏപ്രിൽ ഒന്നിനും ഏപ്രിൽ 15 നും ഇടയിലാണ് ജെ.ഇ.ഇ മെയിൻ രണ്ടാം സെഷന്റെ പരീക്ഷ നടക്കുക. അഡ്മിറ്റ് കാർഡുകൾ പരീക്ഷ ആരംഭിക്കുന്നതിന് മൂന്ന് ദിവസം മുമ്പ് ലഭ്യമാകും.

പരീക്ഷ നഗര സ്ലിപ്പ് മാർച്ച് മൂന്നാംവാരത്തോടെ പുറത്തിറങ്ങും. ഫലം ഏപ്രിൽ 25 ന് പ്രഖ്യാപിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്.

# സൗജന്യ കെ-മാറ്റ് പരിശീലനം

സഹകരണ വകുപ്പിന് കീഴിലുള്ള സംസ്ഥാന സഹകരണ യൂണിയന്റെ നെയ്യാർഡാമിലെ കേരള ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് കോ-ഓപ്പറേറ്റീവ് മാനേജ്മെന്റ് (കിക്മ) 2024 മാർച്ചിൽ നടക്കുന്ന കെ-മാറ്റ് പരീക്ഷയ്ക്ക് മുന്നോടിയായി സൗജന്യ കെ-മാറ്റ് പരിശീലനം സംഘടിപ്പിക്കുന്നു.

2024-26 എം.ബി.എ. ബാച്ചിലേക്ക് പ്രവേശന പരീക്ഷയ്ക്ക് തയ്യാറെടുക്കുന്ന വിദ്യാർത്ഥികൾക്കായാണ് ഓൺലൈൻ ക്ലാസ്സ്, സൗജന്യ ട്രയൽ ടെസ്റ്റ്, ഉത്തരസൂചിക വിശകലനം, റിക്കോർഡഡ് വീഡിയോ ക്ലാസ്സ്, സ്റ്റഡി മെറ്റീരിയൽസ് എന്നിവ ചേർന്നതാണ് പരിശീലന പരിപാടി.ആദ്യം രജിസ്റ്റർ ചെയ്യുന്ന 200 വിദ്യാർത്ഥികൾക്കാണ് അവസരം.
രജിസ്റ്റർ ചെയ്യാനുള്ള ലിങ്ക്
http://bit.ly/kicma

കൂടുതൽ വിവരങ്ങൾക്ക്
8548618290 / 9188001600
കേരള മാനേജ്മെന്റ് ആപ്റ്റിറ്റ്യൂഡ് ടെസ്റ്റ് (സെക്ഷൻ-I) - ഓൺലൈൻ അപേക്ഷ 09.02.2024, 04:00 PM വരെ_*
https://www.cee.kerala.gov.in/

# SSLC പരീക്ഷകൾ മാർച്ച് 4 മുതൽ

2023-24 വർഷത്തെ എസ്എസ്എൽസി പരീക്ഷാ തീയതി പ്രഖ്യാപിച്ചു. മാർച്ച് 4 നാണ് പരീക്ഷ ആരംഭിക്കുന്നത്. മാർച്ച് 25 ന് പരീക്ഷ അവസാനിക്കും. ഏപ്രിൽ 3 മുതൽ 17 വരെയായിരിക്കും മൂല്യനിർണയ ക്യാംപ്.

**ടൈം ടേബിൾ**

*04-03-2024 തിങ്കൾ*
9.30 മുതൽ 11.15 വരെ
ഒന്നാം ഭാഷ പാർട്ട് 1 മലയാളം/തമിഴ്/കന്നഡ/ഉറുദു/ഗുജറാ

*06-03-2024 ബുധൻ*
9.30 മുതൽ 12.15 വരെ ഇംഗ്ലീഷ്

*11-03-2024 തിങ്കൾ*
9.30 മുതൽ 12.15 വരെ ഗണിതം

*13-03-2024 ബുധൻ*
9.30 മുതൽ 11.15 വരെ ഒന്നാം ഭാഷ പാർട്ട് 2 മലയാളം

*15-03-2024 വെള്ളി*
9.30 മുതൽ 11.15 വരെ □ ഫിസിക്സ്.

*18-03-2024 തിങ്കൾ*
9.30 മുതൽ 11.15 വരെ □ ഹിന്ദി

*20-03-2024 ബുധൻ*
9.30 മുതൽ 11.15 വരെ □ കെമിസ്ട്രി

*22-03-2024 വെള്ളി*
9.30 മുതൽ 11.15 വരെ □ ബയോളജി

*25-03-2024 തിങ്കൾ*
9.30 മുതൽ 12.15 വരെ □ സോഷ്യൽ സയൻസ്

## CUET PG 2024 വഴി കേരളത്തിൽ പഠിക്കാൻ കഴിയുന്ന സ്ഥാപനങ്ങളും കോഴ്സുകളും.

40 ൽ അധികം സെൻട്രൽ യൂണിവേഴ്സിറ്റികൾ അടക്കം നിരവധി യൂണിവേഴ്സിറ്റികളിലേക്ക് അഡ്മിഷന് വേണ്ടി നാഷണൽ ടെസ്റ്റിംഗ് ഏജൻസി നടത്തുന്ന CUET PG 2024 വഴി കേരളത്തിൽ പ്രവേശനം കിട്ടുന്ന സ്ഥാപങ്ങളും,കോഴ്സുകളും.

*CENTRAL UNIVERSITY OF KERALA (https://www.cukerala.ac.in/ )*

- M.A.English & Comparative Literature
- M.A.Linguistics & Language Technology
- M.A.Hindi & Comparative Literature
- M.A.International Relations & Political Science
- M.A.Malayalam
- M.A.Public Administration& Policy Studies
- MSW (Social Work)
- M.Ed.
- M.Sc.Zoology

- M.Sc.Biochemistry
- M.Sc.Chemistry
- M.Sc.Computer Science
- M.Sc.Environmental Science
- M.Sc.Genomic Science
- M.Sc.Geology
- M.Sc.Mathematics
- M.Sc.Botany
- M.Sc.Physics
- M.Sc.Yoga Therapy
- L L M (Master of Law)
- MBA
- MBA Tourism & Travel Management
- M.Com
- M.A. Kannada
- MPH (Public Health)

*Indian Institute of Mass Communication (Including Kottyam campus)*

- PG Diploma Journalism (English)
- PG Diploma in Digital Media

*Centre for Development Studies Thiruvanathapuram*

- MA Applied Economics

*Digital University Kerala*

- M.Tech.Computer Science and Engineering
- M.Sc.Computer Science with specialization in Cybersecurity

- M.Sc.Computer Science with specialization in Machine Intelligence
- M.Sc.Computer Science with specialization in Data Analytics
- M.Sc.Data Analytics & Bio-AI
- M.Sc.Data Analytics & Computational Science
- M.Sc.Data Analytics & Geoinformatics
- M.Tech.Electronics Engineering
- M.Tech.Electronic Product Design
- M.Sc.Electronics
- M.Sc.Applied Physics
- MBA
- M.Sc.Ecology with specialization in Ecological Informatics

CUET PG -2024 അപേക്ഷിക്കേണ്ട അവസാന തീയതി - 07/01/2024

Website: https://pgcuet.samarth.ac.in/

# ഡിഗ്രിക്കാർക്ക് 3 വർഷത്തെ LLB കോഴ്സ് CUET PG 2024 വഴി പഠിക്കാം

പ്ലസ്ടു കഴിഞ്ഞു 5 വർഷത്തെ LLB കോഴ്സ് ആണ് നമ്മുടെ നാട്ടിൽ സാധാരണയായി കൂടുതൽ ഉള്ളത്. എന്നാൽ ഡിഗ്രിക്ക് ശേഷം 3 വർഷം കൊണ്ട് LLB പഠിക്കാൻ പറ്റുന്ന ധാരാളം സ്ഥാപങ്ങളിൽ CUET PG 2024 വഴി പ്രവേശനം നേടാം.

* Test Paper Code - COQP11*

*CUET PG -2024 അപേക്ഷിക്കേണ്ട അവസാന തീയതി - 24/01/2024*

*https://pgcuet.samarth.ac.

*ത്രിവത്സര LLB നൽകുന്ന സ്ഥാപങ്ങൾ*

- UNIVERSITY OF DELHI

- BANARAS HINDU UNIVERSITY
- CENTRAL UNIVERSITY OF HARYANA
- UNIVERSITY OF JAMMU
- NORTH-EASTERN HILL UNIVERSITY
- DR. HARISINGH GOUR VISHWAVIDYALAYA
- Vinayaka Mission's Research Foundation
- AMITY UNIVERSITY NOIDA
- G D Goenka University, Gurugram, NCR
- AMITY UNIVERSITY PUNJAB
- GALGOTIAS UNIVERSITY
- K.R. MANGALAM UNIVERSITY
- Noida International University
- Rayat-Bahra University
- Shri Ramswaroop Memorial University
- MEWAR UNIVERSITY

# LSS സ്കോളർഷിപ്പ് പരീക്ഷയെക്കുറിച്ചറിയാം



നേടാം LSS/USS

## LSS നേടാം, ഈസിയായി

ബാലകൃഷ്ണൻ തൃക്കങ്ങോട്

- 40 സ്കോർ വീതമുള്ള രണ്ടു ചോദ്യപേപ്പറുകൾ
- ഓരോ പേപ്പറിനും പരീക്ഷാസമയം ഒന്നര മണിക്കൂർ വീതം

LSS പരീക്ഷയ്ക്ക് പ്രതിവർഷം ഒരുലക്ഷത്തോളം കുട്ടികളാണ് പങ്കെടുക്കുന്നത്. ഇതിൽ വിജയികളാകുന്നത് 15-20 ശതമാനത്തോളം പേർ മാത്രം. ഒരു കുട്ടി തന്റെ വിദ്യാർഥി ജീവിതത്തിൽ ആദ്യമായി അഭിമുഖീകരിക്കുന്ന പൊതുപരീക്ഷ എന്ന പ്രാധാന്യം LSS പരീക്ഷയ്ക്കുണ്ട്. ഭാവിയിൽ വരാനിരിക്കുന്ന മത്സരപരീക്ഷകളെ നേരിടാനുള്ള ആത്മവിശ്വാസം ആർജിക്കാനും ഇതിലൂടെ കഴിയും. ഓരോ വിഷയവും പഠിക്കാൻ കൃത്യമായ സമയക്രമം അനുവദിച്ച് ടൈംടേബിൾ തയാറാക്കി വേണം പരിശീലനം ആരംഭിക്കാൻ.

### പരീക്ഷയുടെ ഘടന

ഒന്നര മണിക്കൂർ ദൈർഘ്യമുള്ള രണ്ടു ചോദ്യപേപ്പറുകളാണ് LSS പരീക്ഷയ്ക്കുള്ളത്. ബുക്ക്‌ലെറ്റ് രൂപത്തിലുള്ള ചോദ്യക്കടലാസുകളിൽ തന്നെയാണ് ഉത്തരങ്ങൾ രേഖപ്പെടുത്തേണ്ടത്. ഓരോ ചോദ്യങ്ങൾക്കും തൊട്ടുതാഴെ ഉത്തരങ്ങൾ രേഖപ്പെടുത്താനുള്ള സ്ഥലവും ഉണ്ടായിരിക്കും. ആദ്യ പേജിൽ റോൾ നമ്പർ എഴുതാനുള്ള ഭാഗവും താഴെ നിർദേശങ്ങളും നൽകിയിരിക്കും.

| പേപ്പർ 1 | | |
|---|---|---|
| പാർട്ട് | വിഷയം | സ്കോർ |
| A | ഒന്നാം ഭാഷ (മലയാളം/ കന്നഡ/ തമിഴ്) | 20 |
| B | ഇംഗ്ലിഷ് | 10 |
| C | പൊതുവിജ്ഞാനം | 10 |
| ആകെ | | 40 |
| **പേപ്പർ 2** | | |
| A | പരിസരപഠനം | 20 |
| B | ഗണിതം | 20 |
| ആകെ | | 40 |

### ചോദ്യരീതി

വിശദമായി ഉത്തരമെഴുതേണ്ട ചോദ്യങ്ങളും ഒറ്റ വാക്കിലോ വാക്യത്തിലോ ഉത്തരമെഴുതേണ്ട ചോദ്യങ്ങളും ഉണ്ടായിരിക്കും. മൾട്ടിപ്പിൾ ചോയ്സ് ചോദ്യങ്ങളും ചോദ്യക്കൂട്ടങ്ങളും ഉൾപ്പെടും. വിശദമായി ഉത്തരമെഴുതേണ്ട ചോദ്യങ്ങൾക്ക് 5 സ്കോറും വസ്തുനിഷ്ഠ ചോദ്യങ്ങൾക്ക് ഒരു സ്കോറും ആയിരിക്കും. മൂന്നു ടേമിലെയും പാഠഭാഗങ്ങളിൽ നിന്നും ചോദ്യങ്ങൾ പരീക്ഷയ്ക്ക് ഉൾപ്പെടുത്തിയിട്ടുണ്ട്.

### സിലബസ്

നാലാം ക്ലാസുവരെ കുട്ടി നേടിയിരിക്കേണ്ട പഠനനേട്ടങ്ങൾ, ആശയങ്ങൾ, ധാരണകൾ, ശേഷികൾ, മനോഭാവങ്ങൾ എന്നിവ പരിഗണിച്ചുകൊണ്ടുള്ള ചോദ്യങ്ങളാണ് പരീക്ഷയ്ക്കു വരിക. അറിവിന്റെ സ്വാംശീകരണം, പ്രയോഗം, വിശകലനാത്മകത, വിലയിരുത്തൽ/ നിലപാട് സ്വീകരിക്കൽ, സൃഷ്ടിപരത തുടങ്ങിയ തലങ്ങളിൽ ഉയർന്ന ശേഷികൾക്ക് പ്രാമുഖ്യം നൽകുന്നവയായിരിക്കും ചോദ്യങ്ങൾ.

### സ്കോളർഷിപ് നേടാൻ 48 മാർക്ക്

രണ്ടു പേപ്പറിനും കൂടി 60 ശതമാനമോ അതിനു മുകളിലോ സ്കോർ ലഭിക്കുന്നവർ സ്കോളർഷിപ്പിന് അർഹത നേടാം. അതായത് 48 മാർക്ക് നേടിയാൽ സ്കോളർഷിപ് സ്വന്തമാക്കാം. ഓരോ പേപ്പറിനും മിനിമം മാർക്ക് നേടിയിരിക്കണമെന്നു നിർബന്ധമില്ല. ഉത്തരക്കടലാസുകളുടെ മൂല്യനിർണയം സബ് ജില്ലാ കേന്ദ്രങ്ങളിലാണു നടക്കുന്നത്. തൊട്ടടുത്ത ഉപജില്ലയിലെ അധ്യാപകരാണ് ഉത്തരക്കടലാസുകൾ പരിശോധിച്ച് സ്കോർ നിർണയിക്കുന്നത്.

### തയാറെടുപ്പ് എങ്ങനെ?

നാലാം ക്ലാസിലെ വിവിധ വിഷയങ്ങളുമായി ബന്ധപ്പെട്ട പഠനനേട്ടങ്ങളെ അടിസ്ഥാനപ്പെടുത്തി ഉയർന്ന തലത്തിലുള്ള ചോദ്യങ്ങളാണ് പരീക്ഷയ്ക്കു ചോദിക്കാറുള്ളത്. നേരിട്ടുള്ള ചോദ്യങ്ങൾ പൊതുവെ കുറവായിരിക്കും. മലയാള പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട കവികൾ/ സാഹിത്യകാരന്മാർ, അവരുടെ ജീവചരിത്രം, നേടിയിട്ടുള്ള പുരസ്കാരങ്ങൾ, അവരുടെ മറ്റ് സാഹിത്യസംഭാവനകൾ തുടങ്ങിയ കാര്യങ്ങൾ പരീക്ഷയ്ക്ക് ഉൾപ്പെടുത്താറുണ്ട്. സമീപകാലത്ത് പ്രഖ്യാപിച്ച സാഹിത്യ അവാർഡുകളും ബഹുമതികളും ഓർത്തിരിക്കണം. ആസ്വാദനക്കുറിപ്പ്, വിവരണം, സംഭാഷണം, കത്ത്, നോട്ടിസ്, ജീവചരിത്രം തുടങ്ങിയ ഭാഷാ വ്യവഹാരശേഷികളുമായി ബന്ധപ്പെട്ട ചോദ്യങ്ങളും പ്രതീക്ഷിക്കാം.

### ഗണിതത്തിൽ യുക്തിചിന്ത

ഗണിതത്തിൽ പ്രശ്ന നിർധാരണത്തിനുള്ള ചോദ്യങ്ങൾക്കാണ് മുൻഗണന. യുക്തിചിന്ത, മാനസിക ശേഷി തുടങ്ങിയവ വിലയിരുത്തുന്നതിനുള്ള ചോദ്യങ്ങളും പ്രതീക്ഷിക്കാം. പരിസരപഠനത്തിൽ പാഠ്യ വിഷയങ്ങളുമായി ബന്ധപ്പെട്ട അധിക വിവരങ്ങളും ചോദിക്കാറുണ്ട്. രേഖാചിത്രം/ ഭൂപടം എന്നിവയുമായി ബന്ധപ്പെട്ട ചോദ്യങ്ങളും വരാറുണ്ട്. ഇംഗ്ലിഷിൽ പാഠഭാഗങ്ങളുമായി ബന്ധപ്പെട്ട ഭാഷാവ്യവഹാരശേഷികൾക്കാണ് ഊന്നൽ നൽകി പഠിക്കേണ്ടത്. പൊതുവിജ്ഞാനത്തിൽ കേരളവുമായി ബന്ധപ്പെട്ട ചോദ്യങ്ങളായിരിക്കും കൂടുതൽ. 2023- 24ലെ ആനുകാലിക സംഭവങ്ങളും അറിഞ്ഞിരിക്കണം.

*USS പരീക്ഷയെക്കുറിച്ച് അടുത്ത ലക്കത്തിൽ*



# രാജ്യാന്തര ഗവേഷണത്തിനു സ്കോളർഷിപ്പുകൾ

## രാജ്യാന്തര ഗവേഷണ സ്കോളർഷിപ്പുകൾക്ക്

**10 കോടി രൂപ**

■ സ്കോളർഷിപ് മികച്ച 200 സർവകലാശാലകളിൽ ഗവേഷണത്തിന്

**മനോരമ ലേഖകൻ**

തിരുവനന്തപുരം ● ഗവേഷക വിദ്യാർഥികൾക്കു രാജ്യാന്തര ഗവേഷണ പ്രവർത്തനങ്ങളിൽ പങ്കാളികളാകാൻ സ്കോളർഷിപ്പുകൾക്കായി 10 കോടി രൂപ അനുവദിച്ചു. ട്രാൻസ്‌ലേഷനൽ റിസർച് ലാബുകൾക്ക് പ്രവർത്തന സഹായമായി 10 കോടി നൽകാനും ഭരണാനുമതിയായെന്നു മന്ത്രി ആർ. ബിന്ദു അറിയിച്ചു.

ശ്യാം ബി.മേനോൻ കമ്മിഷന്റെ ശുപാർശ അനുസരിച്ചാണ് നടപടി. രാജ്യാന്തര തലത്തിൽ അക്കാദമികമായി മുന്നിൽ നിൽക്കുന്ന മികച്ച 200 സർവകലാശാലകളിൽ ഹ്രസ്വകാല ഗവേഷണത്തിനാണ് സ്കോളർഷിപ് നൽകുക. ഗവേഷണ പ്രബന്ധങ്ങൾ അവതരിപ്പിക്കാനുള്ള സെമിനാറുകൾക്കായുള്ള യാത്രകൾക്കും ഈ സ്കോളർഷിപ് ലഭ്യമാകും. ഗവേഷകരുടെ വിദേശയാത്രച്ചെലവും ജീവിതച്ചെലവുമാകും സർക്കാർ വഹിക്കുക. വിദേശ സർവകലാശാലകളിൽ വ്യാവസായിക ബന്ധം സ്ഥാപിക്കുന്ന വിധത്തിലുള്ള ഗവേഷണ പഠനങ്ങൾക്കാകും സ്കോളർഷിപ്.

ഗവേഷണത്തിലൂടെ പേറ്റന്റ് നേടിയ ഉൽപന്നങ്ങളുടെ വ്യാവസായിക സാധ്യത ഉപയോഗപ്പെടുത്താനാണ് ട്രാൻസ്‌ലേഷനൽ റിസർച് റിസ്ക് ഫണ്ട്. ഉന്നതവിദ്യാഭ്യാസ സ്ഥാപനങ്ങൾ, സ്റ്റാർട്ടപ് മിഷൻ, വ്യവസായ വികസന കോർപറേഷൻ, ശാസ്ത്രസാങ്കേതിക പരിസ്ഥിതി കൗൺസിൽ തുടങ്ങിയ സ്ഥാപനങ്ങളിലെ വിദഗ്ധരാണ് ഉൽപന്നങ്ങളും സേവനങ്ങളും തിരഞ്ഞെടുക്കുക.

### വിദേശപഠനം: സ്കോളർഷിപ്പിന് അപേക്ഷിക്കാം

തിരുവനന്തപുരം ● ന്യൂനപക്ഷ വിഭാഗം വിദ്യാർഥികൾക്ക് 2023-24 അധ്യയന വർഷത്തിൽ വിദേശ സർവകലാശാലകളിൽ ബിരുദ / പിജി / പിഎച്ച്ഡി പഠനത്തിനു സ്കോളർഷിപ് അനുവദിക്കുന്നതിനായി സംസ്ഥാന ന്യൂനപക്ഷ ക്ഷേമ വകുപ്പ് അപേക്ഷ ക്ഷണിച്ചു. അപേക്ഷാ ഫോം മാതൃകയും യോഗ്യതാ മാനദണ്ഡങ്ങളും ഉൾപ്പെടുന്ന വിജ്ഞാപനത്തിന് www.minoritywelfare.kerala.gov.in. ഫോൺ: 0471-2300524, 2302090.

# ലിങ്ക്ഡ് ഇൻ വെറുമൊരു സാമൂഹിക മാധ്യമം മാത്രമല്ല;അനുയോജ്യമായ കോളേജ് തിരഞ്ഞെടുക്കാനും സഹായിക്കും*

പൊതുവേ LinkedIn നെ പറ്റി ആളുകളുടെ ധാരണ ഒരു ജോബ് സേർച്ചിങ് പ്ലാറ്റ്ഫോം മാത്രമാണെന്നുള്ളതാണ്. എന്നാൽബിസിനസ് ചെയ്യുന്നവർക്കും ജോലി നോക്കുന്നവർക്കും ജോലിക്കാരെ വേണ്ടവർക്കും വിദ്യാർഥികൾക്കും പ്രയോജനമുള്ള ഒരു പ്രഫഷണൽ സോഷ്യൽ മീഡിയയാണ് ലിങ്ക്ഡ്ഇൻ.വിദ്യാർഥികളെ സംബന്ധിച്ച് ഉന്നതവിദ്യാഭ്യാസത്തിന് വേണ്ടി അനുയോജ്യമായ കോളേജ് തിരഞ്ഞെടുക്കുന്നത് പ്രധാനമാണ്. മികച്ച കോളജ് ഏതെന്ന് ഉറപ്പിക്കുന്നത് കുറച്ച് ബുദ്ധിമുട്ടാണ്. കോളജ് തിരഞ്ഞെടുത്ത് കഴിഞ്ഞ് അബദ്ധമായി എന്ന് പറഞ്ഞ നിരവധി പരിചിത മുഖങ്ങളെ നമുക്കറിയാം.
കേരളത്തിൽ, ഇന്ത്യയിൽ ആണെങ്കിലും ഇനി ഇന്ത്യക്ക് പുറത്ത് ആണെങ്കിലും നിങ്ങൾക്ക് അനുയോജ്യമായ ഒരു കോളജ് തിരഞ്ഞെടുക്കാൻ ശരിയായ വഴിയുണ്ടോ? തീർച്ചയായും ഉണ്ട്! LinkedIn. എങ്ങനെ?നിസ്സാരമാണ് കാര്യങ്ങൾ. ആദ്യം തന്നെ ലഭ്യമായിട്ടുള്ള അടിസ്ഥാന വിവരങ്ങൾ ഉപയോഗിച്ച് കൃത്യമായി അപ്ഡേറ്റ് ചെയ്ത്കൊണ്ട് നല്ലൊരു LinkedIn പ്രൊഫൈൽ തയ്യാറാക്കുക. ശേഷം നിങ്ങൾ ചേരാൻ ആഗ്രഹിക്കുന്ന ഷോർട്ട്ലിസ്റ്റ് ചെയ്ത കോളജുകൾക്കായി തിരയുക. അവയ്ക്ക് LinkedIn പേജ് ഉണ്ടോ ഇല്ലയോ എന്ന് പരിശോധിക്കുക. ആ കോളജുകൾക്ക് ലിങ്ക്ഡ്ഇൻ പ്രൊഫൈൽ ഉണ്ടെങ്കിൽ ചെയ്യാവുന്ന ചില കാര്യങ്ങളുണ്ട്:

1. കോളജിനെ പറ്റി മനസ്സിലാക്കാനും അവരുടെ പ്രോഗ്രാമുകൾ, കോഴ്സുകൾ, നിലവിലെ അപ്ഡേറ്റുകൾ എന്നിവയെക്കുറിച്ചുള്ള വിവരങ്ങൾ അറിയുന്നതിന് ലിങ്ക്ഡ്ഇൻ പേജിലെ പോസ്റ്റുകളിലൂടെ പോകുക.
2. കോളജിൽ ജോലി ചെയ്യുന്ന അക്കാദമിക്, നോൺ-അക്കാദമിക് ഉദ്യോഗസ്ഥരായ ആളുകളുടെ LinkedIn profile കോളജിന്റെ LinkedIn പേജിലെ 'people' എന്ന ഓപ്ഷനിൽ നിന്നും കണ്ടെത്തി അവരുമായി കണക്ട് ചെയ്യുകയും അവരുടെ പ്രൊഫൈലുകൾ പരിശോധിക്കുകയും അവരുടെ പോസ്റ്റുകളിലൂടെ അവരുടെ യോഗ്യതകളെയും ആശയങ്ങളെക്കുറിച്ചും കാഴ്ചപ്പാടുകളെ കുറിച്ചും അറിയുക. അധ്യാപകരെക്കുറിച്ചുള്ള ഒരു ധാരണ മുൻകൂട്ടി അറിയാൻ പറ്റും
3. നിങ്ങൾ തിരഞ്ഞെടുക്കാൻ ആഗ്രഹിക്കുന്ന ഡിപ്പാർട്ട്മെന്റിന്റെ പൂർവ വിദ്യാർഥികളുടെ ലിസ്റ്റ് പരിശോധിക്കുക. കഴിഞ്ഞ ഒരു മൂന്ന് വർഷങ്ങൾക്കിടെ പഠിച്ചിറങ്ങിയ വിദ്യാർഥികളുടെ പ്രൊഫൈലുകൾ പരിശോധിക്കുക. അവരിപ്പോൾ ഉന്നത വിദ്യാഭ്യാസത്തിലാണെങ്കിൽ ഏത് കോളജിൽ ഏത് കോഴ്സ് പഠിക്കുന്നു എന്നും ജോലി ചെയ്യുകയാണെങ്കിൽ ഏത് സ്ഥാപനത്തിൽ എന്ത് റോളിലാണെന്നും നോക്കുക. അത് ഒരു ചെറിയ ധാരണ നമുക്ക് തരും.

പൂർവ വിദ്യാർഥികളെ തിരയുമ്പോൾ ശ്രദ്ധിക്കേണ്ട കുറച്ച് കാര്യങ്ങളുണ്ട്. നിങ്ങൾ കണ്ട 50 പ്രൊഫൈലിൽ 40 പേരും മികച്ച ഒരു ജോലി നേടി എന്നത്കൊണ്ട് ഒരു തീരുമാനം എടുക്കരുത്, കാരണം ആ കോളജിൽ നിന്നും പഠിച്ചിറങ്ങിയിരിക്കുന്നത് നാൽപ്പതോ അമ്പതോ വിദ്യാർഥികൾ മാത്രമല്ല. പതിനഞ്ചോ ഇരുപതോ വർഷം മുൻപ് പഠിച്ച് ഇറങ്ങിയവരും ഈ കൂട്ടത്തിൽ കാണാം. അത്കൊണ്ട് തന്നെ സമീപകാലത്ത്(അതായത് കഴിഞ്ഞ ഒന്നോ രണ്ടോ മൂന്നോ വർഷത്തിനുള്ളിൽ) പഠിച്ച് ഇറങ്ങിയ വിദ്യാർഥികളുടെ LinkedIn പ്രൊഫൈൽ സ്റ്റാറ്റസ് എന്താണെന്ന് പരിശോധിക്കുന്നതാണ് കോളേജിന്റെ ഇപ്പോഴത്തെ സ്ഥിതി എന്താണെന്ന് കൂടുതൽ മനസിലാക്കാൻ സഹായിക്കുന്നത്.അതുപോലെ തന്നെ കൂടുതൽ വ്യക്തമായി അറിയണമെങ്കിൽ ഒരു ബാച്ചിൽ എത്ര പേരുണ്ടെന്നുള്ള കണക്ക് വെച്ച് നോക്കുക. പത്ത് മികച്ച് ഉദ്യോഗസ്ഥരെ കണ്ടു, പക്ഷെ പഠിച്ചിറങ്ങിയത് 150 പേരാണെങ്കിലോ? (LinkedIn പ്രൊഫൈൽ ഇല്ലാത്തവരും ഉണ്ടാവും എന്നതും ഒരു യാഥാർഥ്യമാണ്).

4. പൂർവവിദ്യാർഥികളുടെ പ്രൊഫൈലുകൾ കണ്ടാൽ അതിൽ ആക്റ്റീവ് ആയ പ്രൊഫൈലുകൾ ചിലത് നോക്കി അവർക്ക് ഒരു കണക്ഷൻ റിക്വസ്റ്റ് അയക്കുക. നിങ്ങൾ ആ കോളജിൽ പഠിക്കാൻ ആഗ്രഹിക്കുന്നയാളാണ്. കോളജിനെ പറ്റി അറിയാനാണ് എന്ന മെസേജോട് കൂടി റിക്വസ്റ്റ് അയക്കുന്നത് നന്നാവും.

നിങ്ങൾക്ക് വിദേശത്ത് പഠിക്കാൻ താൽപ്പര്യമുണ്ടെങ്കിൽ പോലും ഇതേ രീതി പ്രയോജനകരമാണ്. അവിടുത്തെ യൂണിവേഴ്സിറ്റികളുടെ ലിങ്ക്ഡ്ഇൻ പ്രൊഫൈലിൽ നിന്നും മിക്കവാറും മലയാളികളുടെ പ്രൊഫൈലുകൾ തന്നെ കണ്ടെത്താൻ സാധിച്ചേക്കാം. അതിലൂടെ കൃതമായ അപ്ഡേറ്റ് കണ്ടെത്തി ഉചിതമായ ഒരു തീരുമാനത്തിലേക്ക് എത്താവുന്നതാണ്. അപ്പോൾ ഇനി കൃത്യമായി പരിശോധിച്ച് മാത്രം കോളേജും കോഴ്സും തിരഞ്ഞെടുക്കുക.

# മലകയറ്റം തൊഴിലാക്കാം, സാഹസിക കോഴ്സുകൾ പഠിക്കാം

പർവതാരോഹണം എന്നത് കേവലം ഒരു ഹോബി മാത്രമല്ല, ശരീരവും മനസ്സും ബുദ്ധിയും ഏകോപിപ്പിക്കുന്നതിനുള്ള നിരവധി സഹസിക അനുഭവങ്ങളും ജോലി സാധ്യതകളും കൂടെ തുറന്ന് നൽകുന്ന ഒരു മേഖലയാണ്. സാഹസിക പ്രിയർക്ക് ഏറ്റവും സുരക്ഷിതമായ രീതിയിൽ അവർക്കിഷ്ടപ്പെട്ട മേഖലയിലെ സാഹസിക കോഴ്സുകൾ പഠിക്കാനായി ഇന്ത്യൻ പ്രതിരോധ മന്ത്രാലയത്തിന് കീഴിലുള്ള സ്ഥാപനങ്ങളാണ് മൗണ്ടനീറിങ് ഇൻസ്റ്റിറ്റ്യൂട്ടുകൾ. ഹിമാലയൻ പർവ്വത മേഖലയിലാണ് ഈ സ്ഥാപനങ്ങൾ കൂടുതലും സ്ഥിതി ചെയ്യുന്നത്.

പലയാളുകളും വിവിധ ലക്ഷ്യങ്ങളോടെയാണ് സഹസിക കോഴ്സുകൾ ചെയ്യുന്നത്. വ്യത്യസ്ത ഭൂപ്രകൃതിയിലെ താമസം, യാത്ര, രാജ്യത്തിലെ വിവിധ ഭാഗങ്ങളിലുള്ള ആളുകളുടെ കൂടെയുള്ള സഹവാസം, വ്യത്യസ്തമായ കാലാവസ്ഥയിലെ ജീവിതം, കായികക്ഷമത വർധിപ്പിക്കുന്ന പരിശീലനം, പ്രകൃതിയെ കൂടുതൽ തൊട്ടറിയുക തുടങ്ങി ഒരു ഹോബിയായി വരെ മൗണ്ടനീറിംഗ് കോഴ്സ് പഠിക്കാം.

**എക്സ്പഡിഷനുകൾ നടത്താം.**

എവറസ്റ്റ് പോലുള്ള ലോകത്തിലെ വിവിധ കൊടുമുടികൾ കീഴടക്കുക, അധികമാരും കടന്നു ചെല്ലാത്ത ഭൂപ്രദേശങ്ങളിലേക്ക് യാത്ര ചെയ്യുക, തുടങ്ങിയ ലക്ഷ്യങ്ങളിലേക്കുള്ള തയ്യാറെടുപ്പിന്റെ ഭാഗമായി മൗണ്ടനീറിംഗ് കോഴ്സുകൾ പഠിക്കാം.

**രക്ഷാപ്രവർത്തനം**

മലമുകളിലും മഞ്ഞിലും കുടുങ്ങിപ്പോകുക, കാട്ടിൽ ഒറ്റപ്പെട്ടു പോകുക, വെള്ളപ്പൊക്കത്തിലും മറ്റ് പ്രകൃതി ദുരന്തങ്ങളിലും അകപ്പെടുക തുടങ്ങി വിവിധ സാഹചര്യങ്ങളിലെ രക്ഷാ പ്രവർത്തനത്തിന് വേണ്ടിയുള്ള പരിശീലനത്തിന്റെ ഭാഗമായി മൗണ്ടനീറിങ് കോഴ്സുകൾ ചെയ്യാം. ഇന്ത്യൻ മിലിറ്ററിപോലുള്ള വിവിധ ഫോഴ്സുകളിൽ ഉള്ളവർക്ക് അവരുടെ ജോലിയുടെ ഭാഗമായും, ഇത്തരം കോഴ്സുകൾ ചെയ്യേണ്ടതുണ്ട്.

**സാഹസിക പ്രോഗ്രാമുകൾക്കും യാത്രകൾക്കും നേതൃത്വവും കൊടുക്കുക.**

ട്രക്കിങ്, ഹയ്ക്കിങ് , ക്ലൈമ്പിങ്, റാപെല്ലിങ്, റിവർ ക്രോസ്സിംഗ്, സ്കൂബ ഡൈവിങ് , റിവർ റാഫ്റ്റിങ്, സിപ് ലൈൻ, പാരാ ഗ്ലൈഡിങ്, ബങ്കി ജമ്പ് തുടങ്ങിയ പ്രോഗ്രാമുകൾക്ക് പരിശീലനം നൽകുക, നേതൃത്വം കൊടുക്കുക, സംവിധാനങ്ങൾ സജ്ജീകരിക്കുക, സുരക്ഷ ഉറപ്പാക്കുക, എക്സ്പഡിഷൻ യാത്രകൾക്ക് നേതൃത്വം നൽകുക, ഇത്തരം യാത്രകൾ ഒരുക്കുന്ന സംരംഭങ്ങൾ തുടങ്ങുക തുടങ്ങിയ സാധ്യതകളാണ് കോഴ്സുകൾ പൂർത്തിയാക്കുന്നവർക്കുള്

**വിദ്യാഭ്യാസത്തിൻറെ ഭാഗം**

പുറം ലോകവുമായി ആളുകളെ കണക്ട് ചെയ്യുക, ഔട്ട്ഡോർ സാധ്യതകൾ ഉപയോഗിച്ചുള്ള പരിശീലനങ്ങൾ, വിദ്യാർത്ഥികൾക്ക് സുരക്ഷിതമായി പ്രകൃതിയെ തൊട്ടറിയുന്നഗൈഡഡ് ഔട്ട്ഡോർ പ്രോഗ്രാമുകൾ, ക്യാമ്പുകൾ എന്നിവയ്ക്ക് നേതൃത്വം നൽകുക, പുതു തലമുറയിൽ സഹസികത പ്രോത്സാഹിപ്പിക്കുക, അതിനു വേണ്ട പരിശീലനങ്ങൾ നൽകുക തുടങ്ങി മൗണ്ടനീറിംഗ് ഇൻസ്റ്റിറ്റിയൂട്ടുകളിൽ പരിശീലാകരാവുക പോലുള്ള വിവിധങ്ങളായ സാധ്യതകളാണ് ഈ കോഴ്സുകൾക്കുള്ളത്.

**എന്തൊക്കെയാണ് കോഴ്സുകൾ.**

പ്രധാനമായും മൂന്ന് രീതിയിലുള്ള സഹസിക കോഴ്സുകളാണ് ഇവിടെ നൽകുന്നത്

1. അക്വ ബേസ്ഡ് കോഴ്സുകൾ- വെള്ളവുമായി ബന്ധപ്പെട്ട കോഴ്സുകളായ സ്കൂബ ഡൈവിങ്, വൈറ്റ് വാട്ടർ റാഫ്റ്റിംഗ്, കയാക്കിങ്, പോലുള്ള കോഴ്സുകൾ.

2. ലാൻഡ് ബേസ്ഡ്(കരയിലെ കോഴ്സുകൾ)- അഡ്ഹോക് അഡ്വഞ്ചർ കോഴ്സ്, ബേസിക് മൗണ്ടനീറിംഗ് കോഴ്സ്, അഡ്വാൻസ് മൗണ്ടനീറിംഗ് കോഴ്സ്, മെത്തേഡ് ഓഫ് ഇൻസ്ട്രക്ഷൻ കോഴ്സ്, സെർച്ച് ആൻഡ് റെസ്ക്യൂ കോഴ്സ്, മൗണ്ടെയ്ൻ ടെറെയിൻ ബൈക്കിങ് കോഴ്സ്, സ്പോർട്സ് ക്ലൈമ്പിങ്, സ്കിയിങ്, എന്നിവയാണ് ഇതിൽ പ്രധാനമായും ഉണ്ടാകുന്നത്.

3. എയർ ബേസ്ഡ് കോഴ്സുകൾ- പാരാ ഗ്ളൈഡിങ്, പാരാ മോട്ടോർ ഗ്ളൈഡിങ് പോലുള്ള എയിറോ അഡ്വഞ്ചർ കോഴ്സുകളാണ് ഇതിന്റെ ഭാഗമായുള്ളത്

**കോഴ്സിൻറെ ഉള്ളടക്കം**

മൗണ്ടനീറിംഗ് കോഴ്സുകളിൽ പ്രധാനമായും റോക്ക് ക്രാഫ്റ്റ്, സ്നോ ക്രാഫ്റ്റ്, ഐസ് ക്രാഫ്റ്റ്, എന്നീ മൂന്ന് പ്രധാന വിഷയങ്ങളാണ് പരിശീലിക്കേണ്ടത് കൂടാതെ

ട്രെക്കിങ്, ഹൈക്കിങ്, റിവർ ക്രോസ്സിംഗ്, ആർട്ടിഫിഷ്യൽ വാൾ ക്ലൈമ്പിങ്, ഹിച്ചസ് & നോട്സ് ( (Hitches &Knots)), ഫസ്റ്റ് എയ്ഡ്, തുടങ്ങി വിവിധ പരിശീലനങ്ങൾ നൽകും, ഓരോ വിഷയത്തിന്റെയും തീയറി ക്ലാസ്സുകളും പ്രാക്ടിക്കൽ പരിശീലനവും ടെസ്റ്റുകളുമുണ്ടാവും. പരിശീലനം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ഗവൺമെന്റ് സർട്ടിഫിക്കേഷൻ ലഭിക്കും.

**സ്ഥാപനങ്ങൾ**

1. നെഹ്‌റു ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൗണ്ടനീറിങ്, ഉത്തർകാശി.(NIM), Uttarkashi

2. ഹിമാലയൻ മൗണ്ടനീറിങ് ഇൻസ്റ്റിറ്റ്യൂട്ട്, ഡാർജിലിങ് (HMI), Darjeeling

3. അടൽ ബിഹാരി വാജ്പേയ് ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൗണ്ടനീറിംഗ് ആൻഡ് അലീഡ് സ്പോർട്സ് (ABVIMAS), Manali-

4. ജവഹർ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൗണ്ടനീറിംഗ് & വിന്റർ സ്പോർട്സ്. (JIMWS), Jammu & Kashmir

5. നാഷണൽ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് മൗണ്ടനീറിംഗ് ആൻഡ് അഡ്വഞ്ചർ സ്പോർട്സ് (NIMAS) Dirang അരുണാചൽ പ്രദേശ്

6. ഇന്ത്യൻ ഇൻസ്റ്റിറ്റ്യൂട്ട് ഓഫ് സ്കിയിങ് ആൻഡ് മൗണ്ടനീറിങ്(IISM) GulmargGulmarg
https://www.iismgulmarg.in/

എന്നിവയാണ് സ്ഥാപനങ്ങളിൽ ചിലത്. ഇവയെല്ലാം തന്നെ പ്രതിരോധ മന്ത്രാലയത്തിന് കീഴിലെ സ്വയംഭരണ സ്ഥാപനങ്ങളാണ്, ഇവ കൂടാതെ നിരവധി ഗവൺമെന്റ് സ്വകാര്യ മൗണ്ടനീറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകളും ഇന്ത്യയിലുണ്ട്.

**പ്രവേശന രീതി**

15 ദിവസം മുതൽ ഒരു മാസം വരെയാണ് പല കോഴ്സുകളുടെയും കാലാവധി.

മൗണ്ടനീറിംഗ്, വാട്ടർ റാഫ്റ്റിംഗ്, പാരാഗ്ലൈഡിങ് പോലുള്ള കോഴ്സുകൾക്ക് 18 വയസ്സ് മുതൽ 40 വയസ്സുവരെയുള്ളവർക്കാണ് പ്രവേശനം നൽകുന്നത്, ചില സ്ഥാപനങ്ങൾ17 വയസ്സ് മുതൽ 45 വയസ്സുവരെയും പ്രവേശനം നൽകും.

ചില അഡ്ഹോക്ക് അഡ്വഞ്ചർ കോഴ്സുകൾക്ക് 12 വയസ്സ് മുതൽ 50 വയസ്സ് വരെയുള്ളവർക്ക് പ്രവേശനം നൽകുന്നു, കുട്ടികൾക്കും മുതിർന്ന ആളുകൾക്കുമുള്ള പ്രത്യേക പരിശീലനങ്ങളും ചില സ്ഥാപനങ്ങളിലുണ്ട്.

**എങ്ങനെ തയ്യാറെടുക്കണം**

ശാരീരികമായും, മാനസികമായും ആരാഗ്യവാനാണെന്ന് നിർദ്ധിഷ്ട ഫോമിൽ ഒരു ഡോക്ടർ സാക്ഷ്യപ്പെടുത്തിയ മെഡിക്കൽ സർട്ടഫിക്കറ്റ് അപേക്ഷ ഫോമിന്റെ കൂടെ സമർപ്പിക്കണം.

ഓരോ കോഴ്സിനും നല്ല കായിക ക്ഷമത ആവശ്യമായതിനാൽ കോഴ്സ് തുടങ്ങുന്നതിനു ചുരുങ്ങിയത് മൂന്ന് മാസം മുൻപ് തന്നെ പ്രത്യേക വ്യായാമം ചെയ്ത് ശാരീരികമായും മാനസികമായും തയ്യാറെടുക്കേണ്ടതുണ്ട്, പരിശീലന വിശദാംശങ്ങൾ, അപേക്ഷ ഫോമുകൾ എന്നിവ ഓരോ സ്ഥാപനത്തിന്റെയും വെബ്സൈറ്റിൽ ലഭ്യമാണ്. സ്ഥാപനങ്ങളുടെ വെബ്സൈറ്റ് വഴി ഓൺലൈൻ ആയാണ് അപേക്ഷകൾ നൽകേണ്ടത്, ചില സ്ഥാപനങ്ങളിൽ ഓൺലൈൻ അപേക്ഷക്ക് പുറമെ ഡോക്യുമെന്റുകൾ പോസ്റ്റലായും അയക്കേണ്ടതുണ്ട്.

ഭക്ഷണം, താമസം, ഉപകരണങ്ങൾ, യാത്ര തുടങ്ങി വളരെ ചിലവേറിയ പരിശീലനങ്ങളാണെങ്കിലും സബ്സിഡിയോട് കൂടിയ ഫീസ് മാത്രമാണ് വിദ്യാർഥികൾ അടക്കേണ്ടത്.
അതുകൊണ്ടുതന്നെ കോഴ്സുകൾക്ക് വലിയ ഡിമാൻഡാണ് പല സ്ഥാപനങ്ങളിലും അഡ്മിഷൻ ലഭിച്ചാൽ തന്നെ കോഴ്സ് ചെയ്യാൻ ആറു മാസം മുതൽ രണ്ടു വർഷം വരെ കാത്തിരിക്കേണ്ടി വരാറുണ്ട്.
യുവത്വത്തിന്റെ പ്രത്യേകതയായ ഉയർന്ന എനർജിയെ ക്രിയാത്മകമായി ഉപയോഗിക്കുകയും,സുരക്ഷിതമായ സാഹസികതയെ പ്രോത്സാഹിപ്പിക്കുകയും ചെയ്യുന്ന വിദഗ്ധ പരിശീലനം നൽകുക എന്ന വലിയ ലക്ഷ്യമാണ് മൗണ്ടനീറിംഗ് ഇൻസ്റ്റിറ്റ്യൂട്ടുകൾ നിറവേറ്റുന്നത്. യുവാക്കൾക്ക് ഈ സാധ്യതകളെ പരമാവധി ഉപയോഗപ്പെടുത്താവുന്നതാണ്.

## RSETI നടത്തുന്ന സൗജന്യ പരിശീലന പരിപാടികൾ

**കനറാബാങ്ക്**

ഗ്രാമീണ സ്വയംതൊഴിൽ പരിശീലന കേന്ദ്രം, കോഴിക്കോട് (ആർസെറ്റി)
(A Unit of Canara Bank Centenary Rural Development Trust ®)
മാത്തറ, ബ്ലോക്ക് ഓഫീസ് കോമ്പൗണ്ട്,
പി.ഒ. ഗുരുവായൂരപ്പൻ കോളേജ് - കോഴിക്കോട് - 673014
e-mail: cbrseticalicut@gmail.com

**RSETI നടത്തുന്ന സൗജന്യ പരിശീലന പരിപാടികൾ**

| ക്രമ നമ്പർ | കോഴ്സിന്റെ പേര് | കോഴ്സിന്റെ കാലാവധി (ദിവസം) |
|---|---|---|
| 1. | മൊബൈൽ ഫോൺ റിപ്പയറിങ്ങ് | 30 |
| 2. | കൂൺ കൃഷി | 10 |
| 3. | അച്ചാർ, പപ്പടം, മസാല പൗഡർ നിർമ്മാണം | 10 |
| 4. | അലൂമിനിയം ഫാബ്രിക്കേഷൻ | 30 |
| 5. | ബ്യൂട്ടിപാർലർ മാനേജ്മെന്റ് | 30 |
| 6. | തയ്യൽ പരിശീലനം | 30 |
| 7. | ഇലക്ട്രിക്കൽ വയറിങ്ങ് | 30 |
| 8. | ഡയറി ഫാമിംഗ് & വെർമി കമ്പോസ്റ്റ് മേക്കിങ്ങ് | 10 |
| 9. | പേപ്പർ കവർ, ഫയൽ നിർമ്മാണം | 10 |
| 10. | ഇൻസ്റ്റാലേഷൻ & സർവ്വീസിങ്ങ് ഓഫ് സി.സി.ടി.വി. ക്യാമറ, സെക്യൂരിറ്റി അലാറം | 13 |
| 11. | ഫുഡ് പ്രൊസസ്സിങ്ങ് | 10 |
| 12. | മത്സ്യ കൃഷി | 10 |
| 13. | ഫോട്ടോഗ്രാഫി & വീഡിയോഗ്രാഫി | 30 |
| 14. | കോഴി വളർത്തൽ | 10 |
| 15. | വസ്ത്ര ചിത്രകല (ഫാബ്രിക് പെയിന്റിങ്ങ് & എംബ്രോയിഡറി) | 30 |
| 16. | ആഭരണ നിർമാണം | 13 |

- ☐ 18 നും 45 നും ഇടയിൽ പ്രായമുള്ള യുവതി-യുവാക്കൾക്ക് അപേക്ഷിക്കാം.
- ☐ ഫീസ് ഇല്ല
- ☐ ഭക്ഷണം സൗജന്യം, താമസ സൗകര്യം ഉണ്ടായിരിക്കുന്നതല്ല.

**മറ്റ് വിവരങ്ങൾക്ക് : ഫോൺ : 0495 2432470, 9447276470**

Canara Bank

**Rural Self Employment Training Institute**
**Calicut**

സൗജന്യ സ്വയംതൊഴിൽ പരിശീലനങ്ങൾക്ക് അപേക്ഷിക്കുവാൻ
**QR**
സ്കാൻ ചെയ്യുക

**Ph: 0495 2432470, 9447276470**

Activate Win
Go to Settings to

# നാല്വ വർഷ ബിരുദ പ്രോഗ്രാമിനെക്കുറിച്ച്

Mathrubhumi
മാതൃഭൂമി

## നാലുവർഷ ബിരുദ പ്രോഗ്രാം

▸ കേരള സർവകലാശാല പഠനവകുപ്പിൽ 2023-24ൽ നാലുവർഷ അണ്ടർഗ്രാജ്വേറ്റ് പ്രോഗ്രാം (എഫ്.വൈ.യു.ജി.പി.) ആരംഭിച്ചിട്ടുണ്ട്. കാര്യവട്ടം കാംപസിലുള്ള സെൻറർ ഫോർ അണ്ടർഗ്രാജ്വേറ്റ് സ്റ്റഡീസ് (സി.യു.എസ്.) ആണ് ക്രെഡിറ്റ് ആൻഡ് സെമസ്റ്റർ സിസ്റ്റം (സി.എസ്.എസ്.) രീതിയിൽ പ്രോഗ്രാം നടത്തുന്നത്.

ബി.എ. ഓണേഴ്സ് നാലുവർഷ പ്രോഗ്രാമിൽ പൊളിറ്റിക്സ് ആൻഡ് ഇൻററർനാഷണൽ റിലേഷൻസ്/ഇക്കണോമിക്സ്/ഹിസ്റ്ററി എന്നീ മേജർ വിഷയങ്ങൾ ലഭ്യമാണ്.

രണ്ട് രീതികളിൽ കോഴ്സ് പൂർത്തിയാക്കാം -മൂന്നുവർഷ യു.ജി. ബിരുദത്തോടെ അല്ലെങ്കിൽ നാലുവർഷ യു.ജി. ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദത്തോടെ.

നാല് മുഖ്യഘടകങ്ങൾ: (i) ഫൗണ്ടേഷൻ കോഴ്സ്-എബിലിറ്റി എൻഹാൻസ്മെന്റ് കോഴ്സുകൾ, സ്കിൽ എൻഹാൻസ്മെൻറ് കോഴ്സുകൾ, വാല്യൂ അഡീഷൻ കോഴ്സുകൾ, മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ. (ii) ഡിസിപ്ലിൻ അനുസരിച്ചുള്ള മേജർ കോഴ്സുകൾ (iii) ഡിസിപ്ലിൻ അനുസരിച്ചുള്ള മൈനർ/മൾട്ടി ഡിസിപ്ലിനറി കോഴ്സുകൾ. (iv) റിസർച്ച് കമ്പോണൻറ്-ഡിസർട്ടേഷൻ, ഇന്റേൺഷിപ്പ്, ഫീൽഡ് സർവേകൾ. ആവശ്യമായ നിശ്ചിത മിനിമംകോഴ്സുകൾ വിജയകരമായി പൂർത്തിയാക്കി, നിശ്ചിത മിനിമംക്രഡിറ്റുകൾ സമ്പാദിച്ച്, മൂന്നുവർഷംകഴിഞ്ഞ് പുറത്തുവരാൻ ആഗ്രഹിക്കുന്നവർക്ക് അവരുടെ മേജർ ഡിസിപ്ലിനിൽ-പൊളിറ്റിക്സ് ആൻഡ് ഇൻറർനാഷണൽ റിലേഷൻസ്/ഇക്കണോമിക്സ്/ഹിസ്റ്ററിയിൽ യു.ജി. ബിരുദം ലഭിക്കും.

ആദ്യ ആറ് സെമസ്റ്ററുകളിൽ കുറഞ്ഞത് 7.5 സി.ജി.പി.എ. ലഭിക്കുന്നവർക്ക് നാലാംവർഷത്തിൽ ഓണേഴ്സ് വിത്ത് റിസർച്ച് പ്രോഗ്രാമിന് ചേരാൻ അർഹത ലഭിക്കും. നിശ്ചിതകോഴ്സ് ക്രെഡിറ്റുകളോടെ മേജർവിഷയം വിജയകരമായി പൂർത്തിയാക്കുന്നവർക്ക് ബന്ധപ്പെട്ട മേജർവിഷയത്തിൽ ഓണേഴ്സ് വിത്ത് റിസർച്ച് ബിരുദം ലഭിക്കും. സീറ്റ്: 30

വിവരങ്ങൾക്ക്: www.admissions.keralauniversity.ac.in

05/02/2024 MAVELIKKARA Pg 04

# IMPORTANT DAYS IN FEBRUARY

## February 1 – Indian Coast Guard Day

On this day, the Indian Coast Guard commemorates its founding, emphasizing its pivotal role in safeguarding India's coastal borders and enforcing maritime regulations.

## February 2 – World Wetlands Day

Internationally celebrated, World Wetlands Day highlights the importance of wetland conservation and commemorates the adoption of the Convention on Wetlands, promoting biodiversity preservation.

## February 2 – RA Awareness Day

Dedicated to raising awareness about rheumatoid arthritis, this day educates the public about the challenges faced by individuals living with the condition and promotes understanding and support.

## February 2 – Surajkund Crafts Mela

Surajkund Crafts Mela in Faridabad, Haryana, from February 2nd to 18th, 2024, celebrates Indian folk traditions and handicrafts. Organized by Haryana Tourism, it showcases India's diverse cultural heritage and craftsmanship.

## February 3 – National Golden Retriever Day

On February 3rd, some nations observe National Golden Retriever Day, honoring one of the most beloved dog breeds. Known for their gentle nature, intelligence, and playful demeanor, Golden Retrievers are cherished companions and celebrated for their remarkable qualities by dog enthusiasts worldwide.

## February 4 – World Cancer Day

Each year on February 4th, World Cancer Day is globally recognized and endorsed by WHO to raise awareness about cancer and its treatments. The 2020 theme, 'I Am and I Will,' emphasizes individual empowerment and encourages personal dedication towards shaping a cancer-free future, as outlined by the World Health Organization.

## February 4 – National Day of Sri Lanka

Every year on February 4th, Sri Lanka commemorates its National Day as Independence Day. This marks the nation's liberation from British colonial rule on February 4th, 1948, a significant event in Sri Lanka's history.

## February 6 to 12 – International Development Week (IDW)

From February 6th to 12th, International Development Week (IDW) is observed in Canada, commemorating its 30th anniversary. This week aims to educate individuals about diverse roles and career opportunities within the international development sector, fostering awareness and engagement.

## February 6 – International Day of Zero Tolerance

On February 6th, the International Day of Zero Tolerance for Female Genital Mutilation raises awareness about the harmful effects and challenges faced by women due to this practice. The 2023 theme, "Partnership with Men and Boys to Transform Social and Gender Norms to End FGM," emphasizes collaborative efforts to eradicate this harmful tradition.

## February 8 – Safe Internet Day

This year, on February 8th, Safer Internet Day emphasizes the collective responsibility of all stakeholders in creating a safer and more positive online environment, particularly for children and young individuals. The day encourages unified efforts to enhance online safety and well-being for everyone.

## February 7 to 14 – Valentine's Week

February, known as the month of love, fills the air with romance and affectionate gestures. The lead-up to Valentine's Day, celebrated on February 14th, begins with additional occasions starting from February 7th. During this time, expressions of love and affection color the atmosphere, making February a time of heartfelt connections and shared joy.

## February 9 – Baba Amte's Death Anniversary

Baba Amte, an eminent Indian social worker and activist, dedicated his life to rehabilitating and empowering individuals afflicted by leprosy. His notable contributions centered on improving the lives and dignity of those marginalized by this disease, leaving a profound impact on society.

## February 10 – National Deworming Day

On February 10th, an initiative spearheaded by the Ministry of Health and Family Welfare, Government of India, aims to ensure that every child in the country is free from worm infections.

## February 10 – World Pulses Day

On February 10th, an observance highlights the importance of pulses in sustainable food production and raises awareness about their nutritional and environmental advantages.

## February 11 – World Day of the Sick

On February 11th, believers commemorate a day initiated by Pope John Paul II to encourage prayers for individuals grappling with illness.

## February 11 – International Day of Women and Girls in Science

On February 11th, the day acknowledges the significant contributions of women and girls in the field of science, emphasizing their role not just as beneficiaries but also as catalysts for change. It aims to promote complete and equitable access to and involvement in science for women and girls, ultimately striving for gender equality and empowerment in this domain.

## February 12 – Darwin Day

Every year on February 12th, Darwin Day honors the birth anniversary of Charles Darwin, renowned as the father of evolutionary biology, born in 1809. This occasion underscores Darwin's immense contributions to evolutionary and plant science. Notably, in 2015, Darwin's seminal work 'Origin of Species' was recognized as the most influential academic book in history.

DE/7354/2023.04
2117709/2024/FC DE

## February 12 – Arahman Lincoln’s Birthday

February 12th marks the celebration of Abraham Lincoln’s birthday, honoring one of the most esteemed presidents in United States history. This special day is also referred to as Abraham Lincoln’s Birthday, Abraham Lincoln Day, or Lincoln Day.

## February 12 – National Productivity Day

Annually on February 12th, an event is held to promote a culture of productivity in India. Organized by the National Productivity Council (NPC), this occasion features a specific theme aimed at fostering increased productivity across various sectors.

## February 13 – World Radio Day

On February 13th, World Radio Day is commemorated to highlight the significance of radio and its vital role in disseminating information. In many nations, radio serves as the principal medium for delivering important news and content to the public.

## February 13 – Sarojini Naidu Birth Anniversary

February 13th is celebrated as the birth anniversary of Sarojini Naidu, affectionately known as the Nightingale of India. Born on this day in 1879 in Hyderabad to Aghornath Chattopadhyaya, a scientist and philosopher, and Barada Sundari Devi, she made significant strides in Indian politics. Sarojini Naidu holds the distinction of being the first Indian woman to serve as the President of the Indian National Congress and later became the inaugural woman governor of the United Province, now recognized as Uttar Pradesh.

## February 14 – International Epilepsy Day

International Epilepsy Day is observed annually on the second Monday of February, and this year it falls on February 14th, coinciding with Valentine’s Day. The purpose of this day is to raise awareness and educate individuals about epilepsy, emphasizing the importance of enhanced treatment, improved care, and increased research funding for the condition.

## February 14 – Saint Valentine’s Day

Every year on February 14th, people around the world celebrate Valentine’s Day, also known as the Feast of Saint Valentine. This day honors Saint Valentine, a Catholic priest who resided in Rome during the 3rd Century.

## February 14 – World Congenital Heart Defect Awareness Day

Annually on February 14th, World Congenital Heart Defect Awareness Day is observed to raise awareness and educate the public about congenital heart defects.

## February 16 – World Anthropology Day

Each year, on the third Thursday of February, World Anthropology Day is celebrated. This year, it falls on February 16th. The purpose of this day is to recognize the field of anthropology, educate the public about its importance, and highlight its diverse contributions to understanding humanity and culture. Before delving into the history and significance of World Anthropology Day, let’s first establish the definition of anthropology.

# February 17 to 27 – Taj Utsav

Annually, on February 17th, the Taj Mahotsav or Taj Festival is celebrated in Agra, showcasing the diverse cultural heritage of India. This festival, scheduled for February 17th to February 27th in 2024, pays tribute to the grandeur of the Mughal era and highlights the exquisite craftsmanship exemplified by the Taj Mahal.

# February 20 – Arunachal Pradesh Foundation Day

On February 20th, Arunachal Pradesh Foundation Day is celebrated to commemorate the day when it attained the status of a Union Territory and was officially named Arunachal Pradesh.

# February 20 – Mizoram Foundation Day

Each year, on February 20th, Mizoram, one of the northeastern states of India, celebrates its Foundation Day. This significant occasion commemorates the year 1987 when Mizoram was formally recognized as the 23rd state of India.

# February 20 – World Day of Social Justice

Every year on February 20th, the World Day of Social Justice is observed to emphasize the critical link between social justice and poverty eradication. The primary objective of this day is to promote full employment opportunities and foster social inclusion. It serves as a platform to address pressing issues such as poverty, exclusion, and unemployment.

# February 21 – International Mother Language Day

Every year on February 21st, International Mother Language Day is observed globally to raise awareness about the richness and diversity of languages worldwide. This day serves to promote understanding and appreciation of linguistic and cultural diversity across the globe. UNESCO officially announced International Mother Language Day on November 17, 1999.

# February 22 – World Thinking Day

World Thinking Day, also referred to as Thinking Day, is celebrated annually on February 22nd by Girl Scouts and Girl Guides in over 150 countries worldwide.

# February 23 – World Understanding and Peace Day

February 23rd marks the annual celebration of World Understanding and Peace Day. This significant day commemorates Rotary International's inaugural convention, where a diverse group of businessmen came together with the vision of fostering understanding and peace, regardless of their backgrounds. This convention sparked a series of developments that eventually led to the establishment of Rotary International.

# February 24 – Central Excise Day

In India, Central Excise Day is observed annually on February 24th to motivate employees of the excise department to execute their duties related to central excise more effectively. The day aims to combat corruption in the manufacturing sector and ensure the delivery of optimal excise services throughout the country.

# February 27 – World NGO Day

World NGO Day is devoted to acknowledging, celebrating, and honoring the invaluable contributions of non-governmental and non-profit organizations, as well as the individuals who drive them, in enhancing and serving society.

DE/2554/2023-Q4
2117709/2024/FC DE

## February 28 – National Science Day

National Science Day is annually observed in India on February 28th to commemorate the groundbreaking discovery of the Raman Effect by the esteemed Indian physicist, Sir Chandrasekhara Venkata Raman. This significant scientific breakthrough occurred on February 28th, 1928. Sir Raman’s remarkable discovery led to his recognition and subsequent award of the Nobel Prize in Physics in 1930.

## February 28 – Rare Disease Day

The day aims to increase awareness and instigate positive transformation for individuals affected by rare diseases, as well as their families and caregivers.